**ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിംഗ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
**(ഹാജർ: ജോൺസൺ.കെ)**

**വിഷയം:-** ത.സ്വ.ഭ.വ-ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിംഗ്- ഐ.സി.ഡി.എസ് അങ്കണവാടി കെട്ടിട നിർമ്മാണം - സംബന്ധിച്ച്.

**സൂചന:-** 1) 18.03.2021 തീയതിയിലെ വനിത ശിശുവികസന ഡയറക്ടറുടെ ഐ.സി.ഡി.എസ്/എ7/3187/2016 നമ്പർ നടപടിക്രമം.
2) സ.ഉ(സാധാ) നം.126/2021/സാ.നീ.വ തീയതി 09.02.2021.
3) 27.03.2021 തീയതിയിലെ വനിത ശിശുവികസന ഡയറക്ടറുടെ ഐ.സി.ഡി.എസ്/എ7/1915/2020 നമ്പർ ഉത്തരവ്.
4) 20.04.2021 തീയതിയിലെ വനിത ശിശുവികസന ഡയറക്ടറുടെ ഐ.സി.ഡി.എസ്/എ7/11593/2020 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ14/11580/2021/സിഇ/എൽ.ഐ.ഡി & ഇ.ഡബ്ല്യൂ തീയതി 05.10.2021**

2016-17 സാമ്പത്തിക വർഷം 4235-02-102-96 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1740 ലക്ഷം രൂപ വിനിയോഗിച്ച് ആകെ 200 അങ്കണവാടി കെട്ടിടങ്ങൾ 14.50 ലക്ഷം രൂപ യൂണീറ്റ് കോസ്റ്റിൽ നിർമ്മിക്കുന്നതിന് നിർമ്മാണ ചെലവിന്റെ 40% തുക ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഹിക്കാമെന്നുള്ള ഉറപ്പിന് വിധേയമായി സർക്കാർ ഭരണാനുമതി ലഭ്യമാക്കുകയും 40% തുക ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർമ്മാണ ഏജൻസിയായ PWD യ്ക്ക് നൽകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് PWD ചീഫ് എഞ്ചിനീയർക്ക് ചുമതല നൽകി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സൂചന (1) പ്രകാരം നിർമ്മാണാനുമതി നൽകിയിട്ടുള്ള 200 അങ്കണവാടി കെട്ടിടങ്ങളിൽ ഇനിയും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ട 77 അങ്കണവാടികളുടെ നിർമ്മാണ ചുമതല LID & EW ചീഫ് എഞ്ചിനീയർക്ക് നൽകി കൊണ്ടും നിർമ്മാണത്തിന് ആവശ്യമായ തുക 4235-02-102-96(P) എന്ന ശീർഷകത്തിൽ നിന്നും ധനപുനർവിനിയോഗം വഴി കണ്ടത്തേണ്ടതാണ് എന്ന വ്യവസ്ഥയിൽ മേൽ പ്രവൃത്തികൾ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ

(മറുപുറം)

നിയന്ത്രണത്തിലുള്ള 4235-02-102-87(P) എന്ന ശീർഷകത്തിലേക്ക് മാറ്റിയും സൂചന(1) പ്രകാരമുള്ള ഉത്തരവിന്റെ കാലാവധി 31.03.2019 ൽ അവസാനിച്ച സാഹചര്യത്തിൽ ഭരണാനുമതി ഉത്തരവ് പുതുക്കിയും സൂചന(2) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് 60% വിഹിതം സർക്കാറും 40% വിഹിതം അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമാണ് വഹിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ തുക 4235-02-102-87(P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനാണ് അനുമതി ലഭ്യമായിട്ടുള്ളത്.

മേൽ പദ്ധതിയിൽ ഉൾപ്പെട്ട തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർകോട് ജില്ലകളിൽ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ട 77 അങ്കണവാടി കെട്ടിടങ്ങൾ **യൂണീറ്റ് കോസ്റ്റായ 14.50 ലക്ഷം രൂപയിൽ നിലനിർത്തി** നിശ്ചിത പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി പ്രസ്തുത അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലകളിലെ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി LID & EW വിഭാഗം എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

അതാത് ജില്ലാ പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലെ LID & EW വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തങ്ങളുടെ പരിധിയിൽ വരുന്ന ജില്ലയിൽ നിർമ്മിക്കുന്ന മേൽ പദ്ധതിയിൽ ഉൾപ്പെട്ട അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തേണ്ടതാണെന്നും കാലതാമസം ഉണ്ടാവുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽ പദ്ധതിയിൽ ഉൾപ്പെട്ട് നിർമ്മാണാനുമതി ലഭ്യമായ മലപ്പുറം ജില്ലയിലെ തിരൂർ അഡീഷണൽ ഐ.സി.ഡി.എസ് ലെ പുറത്തൂർ ഗ്രാമപഞ്ചായത്തിലെ 39-ാം നമ്പർ അങ്കണവാടിക്ക് കെട്ടിട നിർമ്മാണം സാധ്യമല്ലാത്തതിനാൽ പ്രസ്തുത അങ്കണവാടിയെ

(തുടരും)

ഒഴിവാക്കി പകരം സ്ഥലം ലഭ്യമായ 68-ാം നമ്പർ അങ്കണവാടിക്ക് 14.50 ലക്ഷം രൂപ യൂണീറ്റ് കോസ്റ്റിൽ കെട്ടിട നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് LID & EW ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി സൂചന(4) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രസ്തുത അങ്കണവാടി കെട്ടിട നിർമ്മാണ പൂർത്തീകരണ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് LID & EW സെക്ഷൻ, പുറത്തൂർ ഗ്രാമപഞ്ചായത്ത് അസ്സിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ആനുപാതിക സർക്കാർ വിഹിതം അനുവദിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള ബിൽ, അനുബന്ധരേഖകൾ സഹിതം ഉചിത മാർഗ്ഗേന ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

**അനുബന്ധം:-** 1) അങ്കണവാടികളുടെ പട്ടിക.
(അങ്കണവാടികളുടെ പട്ടികയിൽ പറയുന്ന 11 ജില്ലകളിലെ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി സാങ്കേതിക വിഭാഗം അസ്സിസ്റ്റന്റ് എഞ്ചിനീയർമാരെ മേൽ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തിക്കൊള്ളുന്നു)

ഒപ്പ്
ചീഫ് എഞ്ചിനീയർ

//അംഗീകാരത്തോടെ //

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

<u>പകർപ്പ്</u>

(1) വനിത ശിശുവികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം.
(2) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി LID & EW സെക്ഷൻ അസ്സിസ്റ്റന്റ് എഞ്ചിനീയർമാർക്ക്.
(3) LID & EW വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസറഗോഡ്.
(4) അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW സെക്ഷൻ, പുറത്തൂർ ഗ്രാമപഞ്ചായത്ത്.
(5) കരുതൽ/സ്റ്റോക്ക് ഫയൽ.

ഭരണഭാഷ മാതൃഭാഷ

## <u>വനിതശിശുവികസനഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

<u>(സാന്നിദ്ധ്യം : അനുപമ റ്റി.വി. IAS )</u>

വിഷയം : വനിതശിശുവികസനവകുപ്പ്- അങ്കണവാടി കെട്ടിട നിർമ്മാണം-2016-17 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് -നിർമ്മാണചുമതല തദ്ദേശസ്വയംഭരണ വകുപ്പിനു നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1) 15/03/2017 തീയതിയിലെ സ.ഉ(സാധാ) നം 148/17/സാനീവ നമ്പർ സർക്കാർ ഉത്തരവ്

2) 18/03/2017 തീയതിയിലെ ഈ കാര്യാലയത്തിലെ ICDS/A7-3187/2016 നമ്പർ നടപടിക്രമം

3) 28/01/2020 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 2.1(3.1.5)നമ്പർ തീരുമാനം

4) 09/02/2021 തീയതിയിലെ സ.ഉ(സാധാ) നം 126/2021/സാനീവ നമ്പർ സർക്കാർ ഉത്തരവ്

### <u>ഉത്തരവ് നം ഐസിഡിഎസ്/എ7-1915/2020 തീയതി : 27/03/2021</u>

2016-17 സാമ്പത്തിക വർഷം 4235-02-102-96 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1740 ലക്ഷം രൂപ വിനിയോഗിച്ച് ആകെ 200 അങ്കണവാടി കെട്ടിടങ്ങൾ 14.50 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ നിർമ്മിക്കുന്നതിന് നിർമ്മാണ ചെലവിന്റെ 40% തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഹിക്കാമെന്നുള്ള ഉറപ്പിന് വിധേയമായി പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി ലഭ്യമാകുകയും 40% തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മാണഏജൻസിയായ PWDയ്ക്ക് നൽകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് PWD ചീഫ് എഞ്ചിനീയർക്ക് ചുമതല നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

PWD മുഖാന്തിരമുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നതിനാൽ 28/01/2020 ൽ നടന്ന LSGD കോ-ഓർഡിനേഷൻ കമ്മറ്റിയിൽ വനിതശിശുവികസനവകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 60 : 40 അനുപാതത്തിൽ നിർമ്മാണം നടത്തുന്ന പദ്ധതികളിലെ 40% LSGD വിഹിതം PWD യ്ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിന് പകരം വകുപ്പ് വിഹിതമായ 60% തുക LSGD യ്ക്ക് കൈമാറി LSGD എഞ്ചിനീയറിംഗ് വിംഗ് മുഖേന നിർമ്മാണം നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായി .

പരാമർശം (1) പ്രകാരം ഭരണാനുമതി ലഭ്യമായ 200 അങ്കണവാടി കെട്ടിടങ്ങളിൽ ഇനിയും കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത 77 അങ്കണവാടികളുടെ നിർമ്മാണചുമതല LSGD ചീഫ് എഞ്ചിനീയർക്ക് നൽകികൊണ്ടും നിർമ്മാണത്തിന് ആവശ്യമുള്ള തുകയായ 669.9 ലക്ഷം രൂപ 4235-02-102-96 (P) എന്ന ശീർഷകത്തിൽ നിന്നും ധനപുനർവിനിയോഗം വഴി കണ്ടെത്തേണ്ടതാണ് എന്ന വ്യവസ്ഥയിൽ മേൽ പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള 4235-02-102-87 (P) എന്ന ശീർഷകത്തിലേക്ക് മാറ്റിയും പരാമർശം (1) പ്രകാരമുള്ള ഉത്തരവിന്റെ കാലാവധി 31/03/2019 ൽ അവസാനിച്ച സാഹചര്യത്തിൽ ഭരണാനുമതി ഉത്തരവ് പുതുക്കിയും സൂചന (4) പ്രകാരം ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷം PWD ചീഫ് എഞ്ചിനീയർ ചീഫ് കൺട്രോളിംഗ് ആഫീസർ ആയ 4235-02-102-96 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1740 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മാണാനുമതി നൽകിയ 200 അങ്കണവാടി കെട്ടിടങ്ങളിൽ നിർമ്മാണം ആരംഭിക്കാത്ത അനുബന്ധമായി ഉള്ളടക്കം ചെയ്യുന്ന 77 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണചുമതല PWD ചീഫ് എഞ്ചിനീയറിൽ നിന്നും മാറ്റി LSGD ചീഫ് എഞ്ചിനീയർക്ക് നല്കി കൊണ്ട് ഉത്തരവാകുന്നു. LSGD ചീഫ് എഞ്ചിനീയർ ചീഫ് കൺട്രോളിംഗ് ആഫീസറായ 4235-02-102-87 (P) ശീർഷകത്തിൽ നിന്ന് വകുപ്പ് വിഹിതമായ 60% തുക വിനിയോഗിക്കുന്നതിന് ആവശ്യമായ തുക ധനപുനർവിനിയോഗം വഴി കണ്ടെത്താവുന്നതാണ്.

ചീഫ് എഞ്ചിനീയർ
LSGD വിഭാഗം,തിരുവനന്തപുരം

ഒപ്പ്
വനിതശിശുവികസനഡയറക്ടർ

**പകർപ്പ്**

1. ചീഫ് എഞ്ചിനീയർ
   PWD കെട്ടിട വിഭാഗം ,തിരുവനന്തപുരം
2. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
3. എല്ലാ ശിശുവികസനപദ്ധതി ആഫീസർമാർക്കും
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

അനുബന്ധം

2016-17 സ്റ്റേറ്റ് പ്ലാൻ ഫണ്ട് -LSGD ചീഫ് എഞ്ചിനീയർക്ക് നിർമ്മാണചുമതല നല്കി ഉത്തരവാകുന്ന 77 അങ്കണവാടികളുടെ ലിസ്റ്റ്

| ക്രമ നം | ജില്ല | ഐസിഡിഎസ്സ് പ്രോജക്ട് | പഞ്ചായത്ത് | AWC No |
|---|---|---|---|---|
| 1 | തിരുവനന്തപുരം | പോത്തൻകോട് | മംഗലപുരം | 111 |
| 2 | തിരുവനന്തപുരം | പോത്തൻകോട് | മംഗലപുരം | 125 |
| 3 | തിരുവനന്തപുരം | പാറശ്ശാല | കുളത്തൂർ | 81 |
| 4 | തിരുവനന്തപുരം | പാറശ്ശാല | കുളത്തൂർ | 82 |
| 5 | തിരുവനന്തപുരം | പാറശ്ശാല | ചെങ്കൽ | 148 |
| 6 | തിരുവനന്തപുരം | പെരുങ്കടവിള | കൊല്ലയിൽ | 11 |
| 7 | തിരുവനന്തപുരം | കിളിമാനൂർ അഡീഷണൽ | കരവാരം | 93 |
| 8 | തിരുവനന്തപുരം | കിളിമാനൂർ അഡീഷണൽ | കരവാരം | 92 |
| 9 | തിരുവനന്തപുരം | അതിയന്നൂർ | കൊട്ടുകൽ | 53 |
| 10 | കൊല്ലം | ഇത്തിക്കര | പരവൂർ മുൻസിപ്പാലിറ്റി | 174 |
| 11 | കൊല്ലം | ഇത്തിക്കര | പരവൂർ മുൻസിപ്പാലിറ്റി | 187 |
| 12 | കൊല്ലം | ശാസ്താംകോട്ട | ശൂരനാട് നോർത്ത് | 74 |
| 13 | പത്തനംതിട്ട | പന്തളം | തുമ്പമൺ | 63 |
| 14 | പത്തനംതിട്ട | റാന്നി | നരനാമുഴി | 108 |
| 15 | പത്തനംതിട്ട | റാന്നി | വെച്ചൂച്ചിറ | 85 |
| 16 | പത്തനംതിട്ട | പന്തളം II | കുളനട | 21 |
| 17 | പത്തനംതിട്ട | പന്തളം II | കുളനട | 15 |
| 18 | ആലപ്പുഴ | പട്ടണക്കാട് | പട്ടണക്കാട് | 149 |
| 19 | ആലപ്പുഴ | പട്ടണക്കാട് | അരൂർ | 21 |
| 20 | ആലപ്പുഴ | പട്ടണക്കാട് | അരൂർ | 10 |
| 21 | ആലപ്പുഴ | പട്ടണക്കാട് | അരൂർ | 17 |
| 22 | ആലപ്പുഴ | പട്ടണക്കാട് | അരൂർ | 4 |
| 23 | ആലപ്പുഴ | മുതുകുളം | ആറാട്ടുപുഴ | 37 |
| 24 | ആലപ്പുഴ | മുതുകുളം | ആറാട്ടുപുഴ | 27 |
| 25 | ആലപ്പുഴ | മുതുകുളം | ആറാട്ടുപുഴ | 33 |
| 26 | ആലപ്പുഴ | മുതുകുളം | ആറാട്ടുപുഴ | 20 |
| 27 | ആലപ്പുഴ | ഭരണിക്കാവ് | വള്ളികുന്നം | 146 |
| 28 | ആലപ്പുഴ | ഭരണിക്കാവ് | വള്ളികുന്നം | 133 |
| 29 | ആലപ്പുഴ | ഭരണിക്കാവ് | ചുനക്കര | 33 |
| 30 | ആലപ്പുഴ | ആര്യാട് | മാരാരിക്കുളം സൌത്ത് | 94 |
| 31 | ആലപ്പുഴ | കഞ്ഞിക്കുഴി | തണ്ണീർമുക്കം | 57 |
| 32 | ആലപ്പുഴ | കഞ്ഞിക്കുഴി | തണ്ണീർമുക്കം | 81 |
| 33 | ആലപ്പുഴ | കഞ്ഞിക്കുഴി അഡീഷണൽ | ചേർത്തല സൌത്ത് | 55 |
| 34 | കോട്ടയം | ഏറ്റുമാനൂർ | അതിരമ്പുഴ | 59 |

| | | | | |
|---|---|---|---|---|
| 35 | കോട്ടയം | കടത്തുരത്തി | തലയോലപറമ്പ് | 135 |
| 36 | കോട്ടയം | പാമ്പാടി | പാമ്പാടി | 133 |
| 37 | കോട്ടയം | ഈരാറ്റുപേട്ട | മൂന്നിലവ് | 18 |
| 38 | കോട്ടയം | ഈരാറ്റുപേട്ട | മൂന്നിലവ് | 143 |
| 39 | കോട്ടയം | ഏറ്റുമാനൂർ അഡീഷണൽ | അയ്മനം | 49 |
| 40 | കോട്ടയം | വാഴൂർ | വാഴൂർ ബ്ലോക്ക് | 113 |
| 41 | കോട്ടയം | പള്ളം | പുതുപ്പള്ളി | 91 |
| 42 | കോട്ടയം | മാടപ്പള്ളി അഡീഷണൽ | വാഴപ്പള്ളി | 44 |
| 43 | എറണാകുളം | വടവുകോട് | ഐക്കരനാട് | 142 |
| 44 | എറണാകുളം | പള്ളുരുത്തി | കുമ്പളങ്ങി | 23 |
| 45 | ഇടുക്കി | അടിമാലി | കൊന്നത്തടി | 50 |
| 46 | ഇടുക്കി | അടിമാലി | കൊന്നത്തടി | 33 |
| 47 | ഇടുക്കി | അടിമാലി അഡീഷണൽ | വെള്ളത്തുവൽ | 31 |
| 48 | ഇടുക്കി | അഴുത അഡീഷണൽ | കുമളി | 3 |
| 49 | ഇടുക്കി | അഴുത അഡീഷണൽ | വണ്ടിപ്പെരിയാർ | 100 |
| 50 | ഇടുക്കി | നെടുങ്കണ്ടം | കരുണാപുരം | 107 |
| 51 | ഇടുക്കി | തൊടുപുഴ | കരിങ്കുന്നം | 20 |
| 52 | ഇടുക്കി | ഇടുക്കി | കാമാക്ഷി | 95 |
| 53 | പാലക്കാട് | മലമ്പുഴ | പുതുശ്ശേരി | 155 |
| 54 | പാലക്കാട് | മലമ്പുഴ | അകത്തേത്തറ | 43 |
| 55 | പാലക്കാട് | മലമ്പുഴ | അകത്തേത്തറ | 48 |
| 56 | പാലക്കാട് | മലമ്പുഴ | അകത്തേത്തറ | 50 |
| 57 | പാലക്കാട് | മലമ്പുഴ | അകത്തേത്തറ | 62 |
| 58 | പാലക്കാട് | പട്ടാമ്പി അഡീഷണൽ | വിളയൂർ | 66 |
| 59 | പാലക്കാട് | കുഴൽമന്ദം | തേങ്കുറുശ്ശി | 158 |
| 60 | പാലക്കാട് | പട്ടാമ്പി | ഓങ്കല്ലൂർ (ICDS/A7-3187/16 dt.16/03/19 ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ്) | 18 |
| 61 | മലപ്പുറം | തിരൂർ | മംഗലം | 10 |
| 62 | മലപ്പുറം | തിരൂർ അഡീഷണൽ | പുറത്തൂർ | 39 |
| 63 | മലപ്പുറം | തിരൂർ അഡീഷണൽ | തൃപ്പങ്ങോട് | 73 |
| 64 | മലപ്പുറം | നിലമ്പൂർ | നിലമ്പൂർ മുൻസിപ്പാലിറ്റി | 84 |
| 65 | മലപ്പുറം | കൊണ്ടോട്ടി | കൊണ്ടോട്ടി | 78 |
| 66 | വയനാട് | പനമരം | പനമരം | 24 |
| 67 | വയനാട് | പനമരം | പനമരം | 23 |
| 68 | വയനാട് | മാനന്തവാടി | മാനന്തവാടി മുൻസിപ്പാലിറ്റി | 6 |
| 69 | വയനാട് | മാനന്തവാടി | മാനന്തവാടി മുൻസിപ്പാലിറ്റി | 7 |
| 70 | വയനാട് | സുൽത്താൻബത്തേരി | സുൽത്താൻബത്തേരി മുൻസിപ്പാലിറ്റി | 60 |
| 71 | വയനാട് | സുൽത്താൻബത്തേരി | സുൽത്താൻബത്തേരി മുൻസിപ്പാലിറ്റി | 68 |

| | | | | |
|---|---|---|---|---|
| 72 | വയനാട് | സുൽത്താൻബത്തേരി | സുൽത്താൻബത്തേരി മുൻസിപ്പാലിറ്റി | 63 |
| 73 | വയനാട് | സുൽത്താൻബത്തേരി | സുൽത്താൻബത്തേരി മുൻസിപ്പാലിറ്റി | 53 |
| 74 | വയനാട് | സുൽത്താൻബത്തേരി | സുൽത്താൻബത്തേരി മുൻസിപ്പാലിറ്റി | 81 |
| 75 | വയനാട് | സുൽത്താൻബത്തേരി | സുൽത്താൻബത്തേരി മുൻസിപ്പാലിറ്റി | 74 |
| 76 | കാസർകോട് | കാറഡുക്ക അഡീഷണൽ | മുളിയാർ | 32 |
| 77 | കാസർകോട് | കാഞ്ഞങ്ങാട് | മടിക്കൈ | 27 |

**ഭരണഭാഷ മാതൃഭാഷ**

## വനിതശിശുവികസനഡയറക്ടറുടെ നടപടിക്രമങ്ങൾ

**(സാന്നിദ്ധ്യം : അനുപമ റ്റി.വി. IAS)**

വിഷയം : വനിതശിശുവികസനവകുപ്പ്- അങ്കണവാടി കെട്ടിട നിർമ്മാണം- 2016-17 സാമ്പത്തിക് വർഷത്തെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് -തിരൂർ അഡീഷണൽ ഐസിഡിഎസ്സിലെ 68-ാം നമ്പർ അങ്കണവാടിയ്ക്ക് നിർമ്മാണാനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1)18/03/2017 തീയതിയിലെ ഈ കാര്യാലയത്തിലെ ICDS/A7-3187/2016 നമ്പർ നടപടിക്രമം

2) 09/02/2021 തീയതിയിലെ സ.ഉ(സാധാ) നം 126/2021/സാനീവ നമ്പർ സർക്കാർ ഉത്തരവ്

3) 27/03/2021 തീയതിയിലെ ഈ കാര്യാലയത്തിലെ ICDS/A7-1915/2020 നമ്പർ നടപടിക്രമം

4) 23/09/2020 ലെ മലപ്പുറം പ്രോഗ്രാം ആഫീസറുടെ ബി1-6388/20 നമ്പർ കത്ത്

**ഉത്തരവ് നം.ഐസിഡിഎസ്/എ7-11593/2020 തീയതി : 20/04/2021**

2016-17 സാമ്പത്തിക വർഷം 4235-02-102-96 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1740 ലക്ഷം രൂപ വിനിയോഗിച്ച് ആകെ 200 അങ്കണവാടി കെട്ടിടങ്ങൾ 14.50 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ നിർമ്മിക്കുന്നതിന് നിർമ്മാണ ചെലവിന്റെ 40% തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഹിക്കാമെന്നുള്ള ഉറപ്പിന് വിധേയമായി സർക്കാർ ഭരണാനുമതി ലഭ്യമാകുകയും 40% തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മാണഏജൻസിയായ PWDയ്ക്ക് നൽകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് PWD ചീഫ് എഞ്ചിനീയർക്ക് ചുമതല നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (1) പ്രകാരം നിർമ്മാണാനുമതി നൽകിയിട്ടുള്ള 200 അങ്കണവാടി കെട്ടിടങ്ങളിൽ ഇനിയും കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത 77 അങ്കണവാടികളുടെ നിർമ്മാണചുമതല LSGD ചീഫ് എഞ്ചിനീയർക്ക് നൽകികൊണ്ടും നിർമ്മാണത്തിന് ആവശ്യമായ തുക 4235-02-102-96 (P) എന്ന ശീർഷകത്തിൽ നിന്നും ധനപുനർവിനിയോഗം വഴി കണ്ടെത്തേണ്ടതാണ് എന്ന വ്യവസ്ഥയിൽ മേൽ പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള 4235-02-102-87 (P) എന്ന ശീർഷകത്തിലേക്ക് മാറ്റിയും പരാമർശം (1) പ്രകാരമുള്ള ഭരണാനുമതി ഉത്തരവ് പുതുക്കിയും സൂചന (2) പ്രകാരം ഉത്തരവായിരുന്നു.

പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിക്കാത്ത 77 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണചുമതല PWD ചീഫ് എഞ്ചിനീയറിൽ നിന്നും മാറ്റി LSGD ചീഫ് എഞ്ചിനീയർക്ക് നല്കി കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി ഉത്തരവിൽ ഉൾപ്പെട്ട് നിർമ്മാണാനുമതി ലഭ്യമായ തിരൂർ അഡീഷണൽ ഐസിഡിഎസ്സിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിലെ 39-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിട നിർമ്മാണം സാധ്യമല്ലാത്തതിനാൽ പ്രസ്തുത അങ്കണവാടിയെ ഒഴിവാക്കി പകരം സ്ഥലം ലഭ്യമായ 68-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം മലപ്പുറം പ്രോഗ്രാം ആഫീസർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തിരൂർ അഡീഷണൽ ഐസിഡിഎസ്സിലെ 39-ാം നമ്പർ അങ്കണവാടിയെ ടി പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുറത്തൂർ ഗ്രാമപഞ്ചായത്തിലെ 68-ാം നമ്പർ അങ്കണവാടിയ്ക്ക് ടി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത അങ്കണവാടിയുടെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തിരമായി LSGD ചീഫ് എഞ്ചിനീയർ ഏറ്റെടുത്ത് നടപ്പാക്കേണ്ടതും സിഡിപിഒ നിർമ്മാണ പുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

പരാമർശം (3) പ്രകാരമുള്ള ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്

ചീഫ് എഞ്ചിനീയർ
LSGD വിഭാഗം,തിരുവനന്തപുരം

ഒപ്പ്

വനിതശിശുവികസനഡയറക്ടർ

പകർപ്പ്

1. ചീഫ് എഞ്ചിനീയർ.PWD,തിരുവനന്തപുരം
2.പ്രോഗ്രാം ആഫീസർ ,മലപ്പുറം
3. ശിശുവികസനപദ്ധതി ആഫീസർ തിരൂർ അഡീഷണൽ
4.സെക്രട്ടറി,പുറത്തൂർ ഗ്രാമപഞ്ചായത്ത്
5. എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD,മലപ്പുറം
6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD ,മലപ്പുറം
7.സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

-143-

1

5275

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - അങ്കണവാടി കെട്ടിടനിർമ്മാണം - 2016-17 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് - നിർമ്മാണ ചുമതല തദ്ദേശ സ്വയം ഭരണ വകുപ്പിനു നൽകികൊണ്ടും ഭരണാനുമതി പുതുക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 126/2021/സാ.നീ.വ തീയതി, തിരുവനന്തപുരം, 09/02/2021**

---

പരാമർശം: 1. സ.ഉ(സാധാ) നം. 148/2017/സാനീവ തീയതി 15.03.2017.

2. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 18.03.2017 തീയതിയിലെ ഐ,സിഡിഎസ്/എ 7-1915/2020 നമ്പർ നടപടിക്രമം.

3. 28.01.2020 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.1(3.1.5) നമ്പർ തീരുമാനം.

4. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 08.03.2020, 16.11.2020 തീയതിയിലെ ഐസിഡിഎസ്/എ 7-1915/2020 നമ്പർ കത്ത്.

**ഉത്തരവ്**

2016-17 സാമ്പത്തിക വർഷം 4235-02-102-96(പി) ശിർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1740 ലക്ഷം രൂപ വിനിയോഗിച്ച് 200 അങ്കണവാടി കെട്ടിടങ്ങൾ 14.50 യൂണിറ്റ് കോസ്റ്റിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. നിർമ്മാണ ചെലവിന്റെ 40% തുക ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർമ്മാണ ഏജൻസിയായ PWD യ്ക്ക് നൽകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി പരാമർശം (2) പ്രകാരം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് കെട്ടിട നിർമ്മാണ ചുമതല നൽകുകയുണ്ടായി.

(2) പൊതുമരാമത്ത് വകുപ്പ് മുഖാന്തിരമുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിട്ടതിനാൽ വനിത ശിശു വികസന വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 60:40 അനുപാതത്തിൽ നിർമ്മാണം നടത്തുന്ന പദ്ധതികളിലെ 40% തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതം പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നതിന് പകരം വകുപ്പ് വിഹിതമായ 60% തുക തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറി തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗ് മുഖേന നടപ്പിലാക്കുന്നതിന് പരാമർശം (3) പ്രകാരം തീരുമാനിക്കുകയുണ്ടായി.

(3) നിലവിലെ കെട്ടിടനിർമ്മാണ പുരോഗതി റിപ്പോർട്ട് പ്രകാരം 104 അങ്കണവാടികൾ നിർമ്മാണം പൂർത്തീകരിക്കുകയും, 19 അങ്കണവാടികളുടെ നിർമ്മാണം പുരോഗമിച്ച് വരുന്നതായും,

പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്ത 77 അങ്കണവാടികളുടെ നിർമ്മാണ ചുമതല പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറിൽ നിന്നും മാറ്റി തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകുന്നതിനും പ്രസ്തുത അങ്കണവാടികളുടെ നിർമ്മാണത്തിനാവശ്യമായി വരുന്ന 669.9 ലക്ഷം രൂപ (Rs.8,70,000 x 77) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺട്രോളിംഗ് ഓഫീസറായ 4235-02-102-87(പി) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകണമെന്നും, പരാമർശം (1) പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെ കാലാവധി 31-03-2019 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ തുടർന്നും ടി പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി കാലാവധി പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം (4) പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമായതിൽ ഇനിയും കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത 77 അങ്കണവാടികളുടെ നിർമ്മാണ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ ചീഫ് എഞ്ചിനീയർക്കു നൽകികൊണ്ടും നിർമ്മാണത്തിന് ആവശ്യമുള്ള തുകയായ 669.9 ലക്ഷം രൂപ 4235-02-102-96(P) എന്ന ശീർഷകത്തിൽ നിന്നും ധനപുനർവിനിയോഗം വഴി കണ്ടെത്തേണ്ടതാണെന്ന വ്യവസ്ഥയിൽ മേൽ പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള 4235-02-102-87(P) എന്ന ശീർഷകത്തിലേക്ക് മാറ്റിയും, പരാമർശം (1) ഉത്തരവിന്റെ കാലാവധി 31/3/2019-ൽ അവസാനിച്ച സാഹചര്യത്തിൽ ഭരണാനുമതി ഉത്തരവ് പുതുക്കിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിജു പ്രഭാകർ**
**സെക്രട്ടറി**

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ